കുടിവെള്ളവിതരണം ആരംഭിച്ചു

വർക്കല

ബസ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (സിഐടിയു) വർക്കല ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ വർക്കല റെയിൽവേ സ്റ്റേഷൻ ബസ് സ്റ്റാന്റിനകത്ത് സൗജന്യ കുടിവെള്ളവിതരണം ആരംഭിച്ചു.സിഐടിയു വർക്കല ഏരിയ പ്രസിഡന്റ് കെ ആർ ബിജു ഉദ്ഘാടനം ചെയ്തു. യൂണിയൻ വർക്കല ഏരിയ സെക്രട്ടറി ഷാൻ, വൈസ് പ്രസിഡന്റ് പ്രമോദ്, ജോയിൻ സെക്രട്ടറി ഹരിപ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

കുടിവെള്ള വിതരണം മുടങ്ങും

വർക്കല

പാലച്ചിറ കുടിവെള്ള പദ്ധതിയിൽ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 16 മുതൽ 21 വരെ മരക്കടമുക്ക് മുതൽ വടശ്ശേരിക്കോണം വരെയുള്ള പ്രദേശത്ത് കുടിവെള്ള വിതരണം ഭാഗികമായോ പൂർണമായോ തടസ്സപ്പെടും.

കെ സുഗതൻ അനുസ്മരണം

കിളിമാനൂർ

സിപിഐ എം നഗരൂർ ലോക്കൽ കമ്മിറ്റിയംഗം കെ സുഗതന്റെ പന്ത്രണ്ടാം ചരമവാർഷികം ആചരിച്ചു. സിപിഐ എം ജില്ലാ കമ്മിറ്റിയംഗം മടവൂർ അനിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് നടന്ന അനുസ്മരണയോഗത്തിൽ അദ്ദേഹം പ്രഭാഷണം നടത്തി. ഏരിയ കമ്മിറ്റിയംഗം എം ഷിബു അധ്യക്ഷനായി. പഞ്ചായത്ത് പ്രസിഡന്റ് ഡി സ്മിത, ലോക്കൽ സെക്രട്ടറി ഡി രജിത്, പി സുഗതൻ എന്നിവർ സംസാരിച്ചു.

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്യർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 - 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്യർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- 2018 (11.30, 3.00, 6.30, 10.00)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഓഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഓഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഓഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

വർക്കല

വിമല
- 2018 (11.00, 3.00, 6.30, 9.45)

എസ് ആർ
- പത്താം വളവ് (11.00, 3.00, 6.30, 9.45)

സ്റ്റാർ
- DON (11.00, 3.00, 6.15, 9.30)

വെട്ടൂറോഡ്

ഹരിശ്രീ (04712755666)
- 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
- 2018 (4 ഷോ)

പോത്തൻകോട്

എച്ച് കെ സിനിമാസ് (04712715555)
- നെയ്യർ (11.15, 2.30, 6.15, 9.30)

എം ടി സിനി പ്ലക്സ് (2419515)

ഡെല 1
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)

ഡെല 2
- EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- ജാനകി ജാനെ (2.30, 6.00, 9.30)
- FARHANA (11.00)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- 2018 (11.15, 2.15, 6.15, 9.15)

ലയം
- നെയ്യർ (11.15, 2.15, 6.15, 9.15)

ശ്രീ കാളിദാസ് (9562404499)

ഓഡി 1
- 2018(4 ഷോ)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 3
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 4
- കേരള സ്റ്റോറി 2 (11.00, 9.30)

ഓഡി 5
- വിരൂപക്ഷ (6.15? 9.30)
- മദനോത്സവം (6.15,9.30)

ഓഡി 6
- പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

കെ സ്റ്റോർ വർക്കല താലൂക്കുതല ഉദ്ഘാടനം ഇന്ന്

വർക്കല

വർക്കല താലൂക്ക്തല കെ സ്റ്റോർ ഉദ്ഘാടനം ചൊവ്വ പകൽ 11 ന് ഇലകമൺ പഞ്ചായത്തിൽ ഹരിഹരപുരത്ത് പ്രവർത്തിക്കുന്ന 42–ാംനമ്പർ റേഷൻ കടയിൽ വി ജോയി എംഎൽഎ നിർവഹിക്കും.

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ നിലവിൽ പ്രവർത്തിക്കുന്ന 14000ൽപ്പരം റേഷൻ കടകളിൽനിന്ന് തെരഞ്ഞെടുത്ത 108 എണ്ണം ആദ്യഘട്ടത്തിൽ കെ സ്റ്റോറുകളായി മാറുകയാണ്. ആധാർബന്ധിത റേഷൻ കാർഡ് സംവിധാനത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങൾക്ക് പുറമെ

സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ, അഞ്ച് കിലോ തൂക്കമുള്ള ചോട്ടു പാചക വാതക സിലിണ്ടറുകൾ, ഇലക്ട്രിസിറ്റി ബിൽ, ടെലിഫോൺ ബിൽ എന്നിവയുടെ അടവ്, പഞ്ചായത്ത് വില്ലേജ് ഓഫീസുകൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന അവശ്യ ഓൺലൈൻ സർവീസുകൾ, മിൽമ ഉൽപ്പന്നങ്ങൾ എന്നിവ ആവശ്യാർഥം ജനങ്ങളിലേക്ക് എത്തിക്കുന്ന സംവിധാനമാണ് കെ സ്റ്റോർ എന്ന കേരള സ്റ്റോർ.

റേഷൻ കടകളുടെ പശ്ചാത്തല സൗകര്യം വിപുലപ്പെടുത്തിയും നവീകരിച്ചുമാണ് പുതിയ സംവിധാനം നടപ്പാക്കുന്നത്.

കെ സുഗതന്റെ സ്മൃതിമണ്ഡപത്തിൽ സിപിഐ എം ജില്ലാ കമ്മിറ്റിയംഗം മടവൂർ അനിൽ പുഷ്പാർച്ചന നടത്തുന്നു

ക്വാറി ഉൽപ്പന്നങ്ങളുടെ വിലവർധന: പ്രതിഷേധവുമായി സംയുക്ത സമരസമിതി

കിളിമാനൂർ

ജില്ലയിലെ വിവിധ ക്വാറികളിൽ പാറപ്പൊടി, മെറ്റൽ, എം സാൻഡ്, പി സാൻഡ് തുടങ്ങിയ ക്വാറി ഉൽപ്പന്നങ്ങൾക്ക് വിലവർധിപ്പിക്കുന്നതിലും കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്നതിലും പ്രതിഷേധിച്ച് പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ടുപോകുമെന്ന് സംയുക്ത സമരസമിതി നേതാക്കൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ, ടിപ്പർ ഓണേഴ്സ് (സിഐടിയു), ഗുഡ്സ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (സിഐടിയു), സിമന്റ് പ്രൊഡക്ട് മാനുഫാക്ചേഴ്സ് തുടങ്ങിയ സംഘടകളാണ് വിലവർധനയ്ക്കെതിരെ രംഗത്തെത്തിയത്. മുമ്പുണ്ടായിരുന്നതിന്റെ ഇരട്ടിയോളമാണ് ഇപ്പോഴത്തെ വില. അയൽ സംസ്ഥാനങ്ങളിൽ കേരളത്തിലെ വിലയുടെ പകുതിപോലും ഇല്ല. സംസ്ഥാന സർക്കാരിനെ അനാവശ്യമായി പ്രതിക്കൂട്ടിൽ നിർത്തി നിർമാണപ്രവൃത്തികൾക്ക് സുലഭമായി ഉൽപ്പന്നങ്ങൾ നൽകാതെ കൃത്രിമക്ഷാമവും വിലവർധനയും സൃഷ്ടിക്കുകയാണ് ക്വാറി ഉടമകൾ ചെയ്യുന്നതെന്ന് സംയുക്ത സമരസമിതി നേതാക്കൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സംയുക്ത സമരസമിതി ചെയർമാൻ എ മനാഫ്, ജനറൽ കൺവീനർ സുനിൽ കൈരളി, ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന എക്സിക്യൂട്ടീവംഗം താജുദ്ദീൻ, സിമന്റ് ബ്രിക്സ് ആൻഡ് ഇന്റർലോക്ക് മാനുഫാക്ചേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് എ ഫസിലുദ്ദീൻ, ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ താലൂക്ക് സെക്രട്ടറി വി എസ് ബിജു എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

സിപിഐ എം പാനലിന് എതിരില്ല

ചിറയിൻകീഴ്

ആറ്റിങ്ങൽ പ്രവാസി ക്ഷേമ വികസന സഹകരണസംഘം തെരഞ്ഞെടുപ്പിൽ സിപിഐ എം പാനൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ബി പ്രസന്നൻ (പ്രസിഡന്റ്), കെ മോഹനൻ (വൈസ് പ്രസിഡന്റ്), സുമ ജയറാം, ഷെരീഫാ ബീവി, ഷീബ ഹുസൈൻ, എം ഷാജഹാൻ, എസ് ഗോപിനാഥൻ, കെ വാമദേവൻ, എസ് നിസാർ, എൻ ഷിബു, എസ് ഷൈജു, എം അക്ബർ ഷാ, ജെ അലോഷ്യസ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ബി പ്രസന്നൻ (പ്രസിഡന്റ്)

ചുമടുതാങ്ങി കീഴൂട്ട് പണയിൽറോഡ് തുറന്നു

വർക്കല നഗരസഭയിൽ ചുമടുതാങ്ങി കീഴൂട്ട് പണയിൽറോഡ് വി ജോയി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

വർക്കല

വർക്കല നഗരസഭയിൽ 34.5 ലക്ഷം രൂപ വിനിയോഗിച്ച് പുനർനിർമിച്ച ചുമടുതാങ്ങി കീഴൂട്ട് പണയിൽറോഡ് വി ജോയി എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രദേശവാസികളുടെയും പൊതുപ്രവർത്തകരുടെയും ഏറെ നാളത്തെ ആവശ്യമാണ് യാഥാർഥ്യമായത്. തകർന്ന നിലയിൽ സഞ്ചാരയോഗ്യമല്ലാതിരുന്ന റോഡ് എംഎൽഎയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫണ്ട് അനുവദിക്കുകയായിരുന്നു.

നഗരസഭാ ചെയർമാൻ കെ എം ലാജി, കൗൺസിലർമാരായ കെ ഷംസുദ്ദീൻ, റുബീന ഷരീഫ്, വി സുനിൽ, എൽ എസ് സുനിൽ, ബി സുനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

മതപാഠശാലയിൽ വിദ്യാർഥിയുടെ മരണം; അന്വേഷണം ഊർജിതം

നേമം

ബാലരാമപുരത്ത് മതപാഠശാല വിദ്യാർഥിയെ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ ആത്മഹത്യയെന്ന് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ബന്ധുകൾ ദുരൂഹത ആരോപിച്ചതിനാൽ പൊലീസ് അന്വേഷണം ഊർജിതമാക്കി. മദ്രസ വിദ്യാർഥികളുടെയും ജീവനക്കാരുടെയും മൊഴി പൊലീസ് രേഖപ്പെടുത്തി. ബാലരാമപുരം എസ്എച്ച്ഒയുടെ നേതൃത്വത്തിൽ പ്രത്യേക സംഘമാണ് അന്വേഷിക്കുന്നത്. ആത്മഹത്യക്ക് പ്രേരിപ്പിച്ച കാരണത്തെ കുറിച്ചും അന്വേഷിക്കും.

ഇടമനക്കുഴിയിൽ അൽ അമൻ മദ്രസ വിദ്യാർഥി പൂന്തുറ വള്ളക്കടവ് വലിയവിളാകം വീട്ടിൽ നാസറുദീന്റെയും റഹ്മത്ത് ബീവിയുടെയും മകൾ അസ്മിയ മോളെ(17)യാണ് മദ്രസ ലൈബ്രറിക്കുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

ജസ്റ്റിസ് പി എസ് ഗോപിനാഥൻ ശിവഗിരി സന്ദർശിച്ചു

വർക്കല

സംസ്ഥാന തദ്ദേശസ്ഥാപന ഓംബുഡ്സ്മാൻ ജസ്റ്റിസ് പി എസ് ഗോപിനാഥൻ ശിവഗിരി മഠം സന്ദർശിച്ചു. മഹാസമാധിയിലും ശാരദാമഠത്തിലും ദർശനം നടത്തി. ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദയുമായി കൂടിക്കാഴ്ചയും നടത്തി.

കേരള കർഷക സംഘം ഏരിയ പ്രവർത്തക യോഗം

ചിറയിൻകീഴ്

കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നയങ്ങൾക്കെതിരെ 22നും 23നും നടക്കുന്ന ലോങ് മാർച്ചും 25നും26 നും രാജ്ഭവന് മുന്നിൽ സംഘടിപ്പിക്കുന്ന രാപ്പകൽ സമരവും വിജയിപ്പിക്കുന്നതിന് കേരള കർഷക സംഘം ആറ്റിങ്ങൽ ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തക യോഗം ചേർന്നു.കർഷകസംഘം സംസ്ഥാന കമ്മിറ്റി അംഗം ഹരിഹരൻ പിള്ള ഉദ്ഘാടനം ചെയ്തു. ഏരിയ പ്രസിഡന്റ് അഫ്സൽ മുഹമ്മദ് അധ്യക്ഷനായി. സെക്രട്ടറി സി ദേവരാജൻ , എസ് ലെനിൻ, എം പ്രദീപ്, എസ് സിന്ധു എന്നിവർ സംസാരിച്ചു. 22നും 23നും വിതുരയിൽനിന്ന് കള്ളിക്കാടുവരെയും പാലോട്നിന്ന് നെടുമങ്ങാട് വരെയുമാണ് ലോങ് മാർച്ച്.

അബ്കാരി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ എസ് സുനിൽകുമാർ എസ്എച്ച്ഒ ഷിബുകുമാറിനെ അനുമോദിക്കുന്നു

കട്ടപ്പന ബസ് സർവീസ് തുടങ്ങി

വിളപ്പിൽ

വെള്ളനാട് കെഎസ്ആർടിസി ഡിപ്പോയിൽനിന്നും കട്ടപ്പനയിലേക്ക് സൂപ്പർഫാസ്റ്റ് ബസ് സർവീസ് തുടങ്ങി. വെള്ളനാട്നിന്നും വൈകിട്ട് 3ന് പുറപ്പെടുന്ന ബസ് നെടുമങ്ങാട്, പാലോട്, മടത്തറ, ചണ്ണപ്പേട്ട, പുനലൂർ, പത്തനംതിട്ട, എരുമേലി, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട, വാഗമൺ, ഏലപ്പാറ വഴി രാത്രി 11.15ന് കട്ടപ്പനയിൽ എത്തും. കട്ടപ്പനയിൽനിന്നും രാവിലെ 5.15 ന് തിരിക്കുന്ന ബസ് ഉച്ചയ്ക്ക് 1.30 ന് വെള്ളനാട് എത്തും. ജനറൽ കൺട്രോളിങ് ഇൻസ്പെക്ടർ എൻഎസ് സജിത്ത് കണ്ടക്ടർ ടിഎസ് പ്രവീൺ കുമാറിന് ടിക്കറ്റ് മെഷീൻ കൈമാറി സർവീസ് ഉദ്ഘാടനം ചെയ്തു.

വാർഷികം

ആര്യനാട്

സംയുക്ത ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ ഇരുപതാം വാർഷികം ജി സ്റ്റീഫൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. വി വിജിത് അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് വികസന സ്ഥിരം സമിതി അധ്യക്ഷ എസ് സുനിത, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എൻ ഗോപാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം കണ്ണൻ എസ് ലാൽ , വൈ ജെറിദാസ്, കലാമോൾ, എൻ വിജയൻ, ആർ വി രാജേഷ് എന്നിവർ സംസാരിച്ചു.

യാത്രയയപ്പ് നൽകി

വിളപ്പിൽ

കാട്ടാക്കട താലൂക്ക് ഹെഡ്ക്വാട്ടേഴ്സിലേക്ക് സ്ഥലം മാറിപോകുന്ന അരുവിക്കര എസ്എച്ച്ഒ ഷിബുകുമാറിന് അരുവിക്കര പൗരാവലി യാത്രയയപ്പ് നൽകി. പരിപാടി അബ്കാരി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. അരുവിക്കര പഞ്ചായത്ത് പ്രസിഡന്റ് ആർ കല അധ്യക്ഷയായി. ആർ രാജ്മോഹൻ, എ ആന്റണി, വി എസ് സജീവ്കുമാർ എന്നിവർ സംസാരിച്ചു.

വിജിലൻസ് കമ്മിറ്റി നാളെ

തിരുവനന്തപുരം

പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ യഥാസമയം ലഭിക്കാനും അഴിമതി വിമുക്തമാക്കാനും ജനസേവനം കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുള്ള ജില്ലാ വിജിലൻസ് കമ്മിറ്റി ബുധനാഴ്ച നടക്കും. രാവിലെ 10.30ന് കലക്ടറുടെ കോൺഫറൻസ് ഹാളിലാണ് യോഗം. ഫോൺ: 0471 2304119.

പ്രവാസി മിത്രം പോർട്ടൽ ഉദ്ഘാടനം നാളെ

തിരുവനന്തപുരം

പ്രവാസികൾക്ക് റവന്യൂ സർവേ വകുപ്പുകളിലെ വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളുടെ നിലവിലെ സ്ഥിതി യഥാസമയം അറിയുന്നതിന് റവന്യൂവകുപ്പ് തയ്യാറാക്കിയ പ്രവാസി മിത്രം ഓൺലൈൻ പോർട്ടലിന്റെയും പ്രവാസി സെല്ലിന്റെയും ഉദ്ഘാടനം ബുധൻ വൈകിട്ട് നാലരയ്ക്ക് നിയമസഭാ മന്ദിരത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

മഹിളാ അസോസിയേഷൻ സ്കൂൾ ശുചീകരിച്ചു

ചിറയിൻകീഴ്

ശുചീകരണ പ്രവർത്തനങ്ങളിൽ മഹിളകളും രംഗത്തിറങ്ങണമെന്ന അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയുടെ തീരുമാനത്തിന്റെ ഭാഗമായി അഞ്ചുതെങ്ങ് മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അഞ്ചുതെങ്ങ് ബിബിജിഎൽപി സ്കൂൾ ശുചീകരിച്ചു. മഹിളാ അസോസിയേഷൻ ഏരിയ പ്രസിഡന്റ് ലിജാബോസ് ഉദ്ഘാടനം ചെയ്തു.

യാത്രയ്ക്കിടെ ബസ് ജീവനക്കാരെ ആക്രമിച്ചയാൾ അറസ്റ്റിൽ

> പ്രതി മയക്കുമരുന്ന് ഉപയോഗിക്കുന്നയാൾ

കിളിമാനൂർ

റഹീം

യാത്രയ്ക്കിടെ കെഎസ്ആർടി ബസിലെ കണ്ടക്ടറെയും ഡ്രൈവറെയും ആക്രമിച്ച യുവാവ് അറസ്റ്റിൽ. കല്ലറ പള്ളിമുക്ക് ചരുവിള പുത്തൻ വീട്ടിൽ റഹീമാ (38)ണ് കിളിമാനൂർ പൊലീസിന്റെ പിടിയിലായത്. ഞായർ പകൽ 2.30ന് സംസ്ഥാന പാതയിൽ കാരേറ്റായിരുന്നു സംഭവം. തമ്പാനൂർ–കൊട്ടാരക്കര ബസിൽ കാരേറ്റ് ഇറങ്ങുന്നതിനായി ടിക്കറ്റെടുത്ത് യാത്ര ചെയ്യുകയായിരുന്നു യുവാവ്. കാരേറ്റ് എത്തിയിട്ടും ഇറങ്ങാതെ ബസിലിരുന്ന് ഉറങ്ങിയ യുവാവിനെ കണ്ടക്ടർ വിളിച്ചുണർത്തിയതോടെ അസഭ്യം വിളിച്ച് അക്രമാസക്തനാകുകയായിരുന്നു.

സ്ഥലത്തെത്തിയ പൊലീസ് യുവാവിനെ കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ എത്തിച്ചപ്പോഴും അക്രമം തുടർന്നു. വനിതാ പൊലീസ് ഉദ്യോഗസ്ഥ ഉൾപ്പെടെയുള്ളവരുടെ മുന്നിൽ വസ്ത്രങ്ങൾ ഊരിയെറിയുകയും മലവിസർജനം നടത്തുകയും ചെയ്തു. ആരോഗ്യ പരിശോധനയ്ക്ക് എത്തിച്ച ആശുപത്രിയിലും ഇയാൾ അക്രമാസക്തനായി. ആരോഗ്യ പ്രവർത്തകരും പൊലീസും ചേർന്ന് ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തി.

യുവാവ് മയക്കുമരുന്നിന് അടിമയാണെന്നും പാങ്ങോട് സ്റ്റേഷനിൽ നിരവധി കേസുകളിലെ പ്രതിയാണെന്നും പൊലീസ് പറഞ്ഞു. കെഎസ്ആർടിസി ജീവനക്കാരെ മർദിച്ചതിനും കൃത്യനിർവഹണത്തിന് തടസ്സം വരുത്തിയതിനും ട്രിപ് മുടക്കി പൊതുഖജനാവിന് നഷ്ടം വരുത്തിയതിനുമുള്ള വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തത്. കിളിമാനൂർ ഐഎസ്എച്ച്ഒ ബി ജയന്റെ നേതൃത്വത്തിലുള്ള സംഘമാണ് യുവാവിനെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

രശ്മിയുടെ വീടിന് പുതിയ മേൽക്കൂര ഒരുക്കി സഹപാഠികൾ

വെഞ്ഞാറമൂട്

മഴക്കാർ കാണുമ്പോൾ രശ്മിക്ക് ഇനി പേടിക്കണ്ട. ചോർന്നൊലിക്കാത്ത വീട്ടിൽ ഭക്ഷണം കഴിച്ച് സ്വസ്ഥമായി ഉറങ്ങാം. പത്താം ക്ലാസിൽ ഒപ്പം പഠിച്ചവർ രശ്മിയുടെ വീടിന് മേൽക്കൂര ഒരുക്കി. പോത്തൻകോട് ലക്ഷ്മിവിലാസം ഹൈസ്കൂളിലെ 1992 എസ്എസ്എൽസി ബാച്ചിന്റെ 'ലക്ഷ്മി 92' വാട്സാപ് കൂട്ടായ്മയാണ് നേതാജിപുരം പണയിൽ വീട്ടിൽ രശ്മിയുടെ വീടിന് മേൽക്കൂര ഒരുക്കിയത്.

ചോർന്നൊലിക്കുന്ന മേൽക്കൂരയ്ക്ക് കീഴിൽ വീട്ടുപകരണങ്ങൾ ഇടാനുള്ള സൗകര്യംപോലും ഇല്ലാത്ത അവസ്ഥയാണ്. ഗ്രൂപ്പ് ഇഫ്താർ വിരുന്ന് നടത്തിയതിൽ ശേഷിച്ചതുകയ്ക്ക് അലമാര വാങ്ങി നൽകിയിരുന്നു. രശ്മിയും മകളും മകനും മകളുടെ കുഞ്ഞും വൃദ്ധമാതാവും അടങ്ങുന്നതാണ് കുടുംബം. ഇവർക്ക് എല്ലാവർക്കും കഴിയാനുള്ള സ്ഥലം വീട്ടിലില്ല. ഇവർക്ക് അടച്ചുറപ്പുള്ള വീട് നിർമിച്ച് നൽകാനുള്ള ശ്രമത്തിലാണ് കൂട്ടായ്മ.

രശ്മിയുടെ വീടിന്റെ മേൽക്കൂര നന്നാക്കിയ ശേഷം 'ലക്ഷ്മി 92' ഗ്രൂപ്പ് അംഗങ്ങൾ

കൂൺ കൃഷി പരിശീലനം

വിളപ്പിൽ

വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ കൂൺ കൃഷിയിൽ പരിശീലനം നൽകുന്നു. 20ന് രാവിലെ ആരംഭിക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9446911451 എന്ന നമ്പറിൽ 19ന് വൈകിട്ട് നാലിന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.

സ്കോളർഷിപ്പിന് അപേക്ഷിക്കാം

തിരുവനന്തപുരം

എസ്എസ്എൽസി, പ്ലസ്ടു ക്ലാസുകളിലെ എല്ലാ വിഷയത്തിലും എപ്ലസ് നേടിയ നാടാർ സമുദായത്തിലെ വിദ്യാർഥി , വിദ്യാർഥിനികൾക്ക് കേരള നാടാർ മഹാജനസംഘം നൽകുന്ന സ്കാളർഷിപ്പിനും അവാർഡിനും അപേക്ഷ ക്ഷണിച്ചു. ഈ വർഷത്തെ ഫലത്തിന്റെ മാർക്ക് ലിസ്റ്റ് പകർപ്പും ഒരു പാസ്പോർട്ട്സൈസ് ഫോട്ടോയും മൊബൈൽ നമ്പരും രക്ഷാകർത്താവിന്റെ സമ്മതപത്രവും സഹിതം അപേക്ഷിക്കണം. വിലാസം സെക്രട്ടറി, കേരള നാടാർ മഹാജനസംഘം , രജി. നമ്പർ 5/64, എച്ച് ഒ വഴുതയ്ക്കാട്, തിരുവനന്തപുരം 14 ഫോൺ നമ്പർ 0471 2995924, 9794161552. അവസാന തീയതി 31.

എഡിഎസ് വാർഷികം

ചിറയിൻകീഴ്

കിഴുവിലം പഞ്ചായത്തിൽ ചുമടുതാങ്ങി വാർഡിൽ നടന്ന എഡിഎസ് വാർഷികാഘോഷം പഞ്ചായത്ത് പ്രസിഡന്റ് ആർ മനോന്മണി ഉദ്ഘാടനം ചെയ്തു. അശ്വതി ശാന്തിലാൽ അധ്യക്ഷയായി. എഡിഎസ് അധ്യക്ഷ അജിതലാൽ പ്രവർത്തന റിപ്പോർട്ടവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ കവിതാ സന്തോഷ്, പി പവനചന്ദ്രൻ, സ്വപ്ന, എൻ എസ് അനിൽ, ദിവ്യ, സീന, ഇന്ദിര , അശ്വതി, അനുഷ മീന, പ്രമീള സിന്ധു എന്നിവർ സംസാരിച്ചു.

നെടുമങ്ങാട് താലൂക്കുതല അരങ്ങ്

നെടുമങ്ങാട് സിഡിഎസിന് ഓവറോൾ കിരീടം

നെടുമങ്ങാട്

കുടുംബശ്രീ നെടുമങ്ങാട് താലൂക്ക്തല അരങ്ങ് കലോത്സവത്തിൽ നെടുമങ്ങാട് നഗരസഭ സിഡിഎസിന് ഓവറോൾ കിരീടം. അവാർഡ് ദാനവും സമാപന സമ്മേളനവും നെടുമങ്ങാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ജി സ്റ്റീഫൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർപേഴ്സൺ എസ് ശ്രീജ അധ്യക്ഷയായി. നെടുമങ്ങാട് നഗരസഭ ക്ഷേമ സമിതി അധ്യക്ഷൻ ബി സതീശൻ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി കോമളം, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് ഇന്ദുലേഖ, കച്ചേരി വാർഡ് കൗൺസിലർ വി എസ് ആദിത്യ, വിവിധ സിഡിഎസ് ചെയർപേഴ്സൺമാർ, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നിത എന്നിവർ സംസാരിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഡോ. ബി നജീബ് സ്വാഗതവും പ്രോഗ്രാം മാനേജർ അജ്മൽ നന്ദിയും പറഞ്ഞു.

മാലിന്യങ്ങൾ വലിച്ചെറിയുന്നത് ശിക്ഷാർഹം

വർക്കല

ഒറ്റൂർ പഞ്ചായത്ത് സമ്പൂർണ വലിച്ചെറിയൽ വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി എല്ലാ സ്ഥാപനങ്ങളിലും ഭവനങ്ങളിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ഹരിതകർമസേനയെ ഏൽപ്പിക്കേണ്ടതും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുമാണ്. മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും 50,000 രൂപ വരെ പിഴയോ ഒരു വർഷംവരെ തടവോ ലഭിക്കുന്ന കുറ്റങ്ങളാണ്. പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളോട് എല്ലാവരും സഹകരിക്കമെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

വാഹനമോഷണ സംഘത്തിലെ 2 പേർ പിടിയിൽ

വർക്കല

അറസ്റ്റിലായ പ്രതികൾ

നിരവധി വാഹനമോഷണ കേസുകളിലെ പ്രതികളായ 2 പേരെ വർക്കല പൊലീസ് പിടികൂടി. മേൽവെട്ടൂർ പുതുവൽ പുത്തൻവീട്ടിൽ വിഷ്ണു (30), കല്ലമ്പലം മാവിനോട് പുതുവൽവിളവീട്ടിൽ കൃഷ്ണകുമാർ (27) എന്നിവരാണ് വർക്കല പൊലീസ് പിടിയിലായത്. കേരളത്തിനകത്തും പുറത്തുമായി 36 മോഷണ കേസുകളിലെ പ്രതിയാണ് പിടിയിലായ വിഷ്ണു. വിവിധ സ്റ്റേഷനുകളിൽ 6 മോഷണ കേസുകളിൽ പ്രതിയാണ് കൃഷ്ണകുമാർ. വാഹനമോഷണവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിച്ചു വരുന്ന ഘട്ടത്തിലാണ് പ്രതികൾ വർക്കല പൊലീസിന്റെ പിടിയിലായത്. തിരുവനന്തപുരം റൂറൽ ജില്ല പൊലീസ് മേധാവി ഡി ശിൽപ്പ, വർക്കല ഡിവൈഎസ്പി സി ജെ മാർട്ടിൻ എന്നിവരുടെ നിർദ്ദേശാനുസരണം വർക്കല എസ്ഐ അബ്ദുൽ ഹക്കീമിന്റെ നേതൃത്വത്തിൽ ഗ്രേഡ് എസ്ഐ ഫ്രാങ്കിളിൻ,എഎസ്ഐമാരായ മനോജ്, ബിജുകുമാർ, സിപിഒമാരായ ഷജീർ, നിജിമോൻ എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതികളെ അറസ്റ്റുചെയ്തത്.

നിർമാണോദ്ഘാടനം ഇന്ന്

വർക്കല

വർക്കല സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം ചൊവ്വ രാവിലെ 10ന് മന്ത്രി വി എൻ വാസവൻ വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും. പുത്തൻചന്ത കിംഗ്സ് മിനി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ വി ജോയി എംഎൽഎ അധ്യക്ഷനാകും. 95 വർഷമായി പ്രവർത്തിച്ചുവരുന്ന വർക്കല സബ് രജിസ്ട്രാർ ഓഫീസിന് കിഫ്ബി പദ്ധതി വഴി സംസ്ഥാന സർക്കാരിന്റെ മൂന്നാം 100 ദിനകർമ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമിക്കുന്നത്.

ദേശാഭിമാനി ക്യാമ്പയിൻ ആരംഭിച്ചു

ചിറയിൻകീഴ്

ദേശാഭിമാനി വാർഷിക വരിക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിനായി അഞ്ചുതെങ്ങ്, കിഴുവിലം ലോക്കൽ കമ്മിറ്റികൾക്കു കീഴിലെ പാർടി അംഗങ്ങളുടെയും അനുഭാവികളുടെയും വീടുകളിൽ വാർഷിക വരിസംഖ്യ ശേഖരണത്തിനായി ബോക്സുകൾ നൽകി. അഞ്ചുതെങ്ങിൽ കായിക്കര ബ്രാഞ്ചിലെ കൊച്ചു ബാബുവിന് നൽകി പാർടി ഏരിയ കമ്മിറ്റിയംഗം സി പയസ് ഉദ്ഘാടനംചെയ്തു.

കിഴുവിലം ലോക്കൽ കമ്മിറ്റിക്കു കീഴിൽ മുടപുരം വെസ്റ്റ് ബ്രാഞ്ചിലെ പ്രമീളയ്ക്കു നൽകി ഏരിയ കമ്മിറ്റി അംഗം എസ് ചന്ദ്രൻ ഉദ്ഘാടനംചെയ്തു. അഞ്ചുതെങ്ങ് സുരേന്ദ്രൻ, പി മണികണ്ഠൻ, ആർ ജറാൾഡ്, വി ലൈജു, ആർ കെ ബാബു, യു ചന്ദ്രമോഹൻ, പി വിമൽരാജ്, സജി സുന്ദർ, ജിതിൻ ശ്രീരാമൻ എന്നിവർ പങ്കെടുത്തു.

മലയാളം അധ്യാപക ഒഴിവ്

വെമ്പായം

നെടുവേലി എച്ച്എസ്എസിൽ ഹൈസ്കൂൾ വിഭാഗത്തിൽ മലയാളം അധ്യാപകന്റെ താൽക്കാലിക ഒഴിവുണ്ട്. കൂടിക്കാഴ്ച വ്യാഴം രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ.

ഗസ്റ്റ് ലക്ചറർ നിയമനം

വെഞ്ഞാറമൂട്

പാങ്ങോട് മന്നാനിയാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ മലയാളം, ഹിന്ദി, കോമേഴ്സ്, ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി, ഇക്കണോമിക്സ്, മീഡിയ സ്റ്റഡീസ്, കെമിസ്ടി, മാത്തമാറ്റിക്സ്, ഫിസിക്സ്എന്നീ വിഷയങ്ങളിൽ ഗസ്റ്റ്ലക്ചറർമാരെ നിയമിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു. കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്തവർ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പും ബയോഡേറ്റയും സഹിതം 23 നകം കോളേജിൽ ലഭിക്കത്തക്കവണ്ണം അപേക്ഷിക്കണം. mannaniya@gmail.com എന്ന മെയിൽ അഡ്രസ്സിലും അപേക്ഷിക്കാമെന്ന് പ്രിൻസിപ്പൽ ഡോ പി നസീർ അറിയിച്ചു.

ചാനൽ സിനിമ

കൈരളി
- 6.30 പിൻഗാമി
- 9.00 മധുരൈ
- 12.00 ഈസ്റ്റ് ഡ്രാഗൺ
- 4.00 ശിവകാശി
- 6.30 ജൂൺ
- 10.00 പോക്കിരി

വി
- 7.00 സിന്ദൂരരേഖ
- 10.30 ജംഗ
- 1.30 ക്രേസി ഗോപാലൻ
- 5.00 ഒപ്പം
- 8.00 കഥപറയുമ്പോൾ
- 11.00 ആരണ്യകം

ഏഷ്യാനെറ്റ്
- 9.30 ഹെവൻ

ഏഷ്യാനെറ്റ് പ്ലസ്
- 5.30 സ്വാതിതിരുനാൾ
- 9.30 കിലുകിൽപമ്പരം
- 3.00 ദ്രോണ - 2010
- 11.00 അസുരവിത്ത്

ഏഷ്യാനെറ്റ് മൂവീസ്
- 7.00 ഒരു ഇന്ത്യൻ പ്രണയകഥ
- 10.00 ജൂൺ
- 1.00 മൈ ബോസ്
- 4.00 പതിനെട്ടാംപടി
- 7.00 ഹൃദയം
- 10.30 കുട്ടികളുണ്ട് സൂക്ഷിക്കുക

സൂര്യ
- 8.30 അനുരാഗ കരിക്കിൻവെള്ളം
- 2.30 മീനത്തിൽ താലികെട്ട്

സൂര്യ മൂവീസ്
- 7.00 റണ്ണർ
- 10.00 കൃഷ്ണ ഗോപാലകൃഷ്ണ
- 1.00 തനിയാവർത്തനം
- 4.00 നാടോടി
- 7.00 ലവ് ഇൻ സിംഗപ്പൂർ
- 10.00 മായാനദി

എസിവി
- 900 ഈറ്റില്ലം
- 2.00 1921
- 9.30 കിടു